(ബി) ആഗോള നിക്ഷേപക സമ്മേളനത്തിൽ ഒപ്പുവച്ച ധാരണാ പത്രങ്ങളിൽ ഏതൊക്കെ പദ്ധതികൾ നടപ്പിൽ വരുത്തിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആഗോള നിക്ഷേപക സമ്മേളനത്തിൽ വിദേശ കമ്പനികൾ ഏകദേശം 484 കോടി രൂപ മുതൽമുടക്ക് വരുന്ന 9 പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. കൂടാതെ വിദേശ നിക്ഷേപവുമുണ്ടാകാവുന്ന 1,450 കോടി രൂപയുടെ 15 പദ്ധതികൾക്കായി പ്രവാസികളും ധാരണാ പത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഇതിനോടകം 40 പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.† താഴെ പറയുന്ന 4 പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു:

1. വെയ്ഡിംഗ് സെന്റർ, അങ്കമാലി (ആലുക്കാസ് ഗ്രൂപ്പ്)—രൂപ 40 കോടി
2. ഗ്രാനൈറ്റിൽനിന്ന് മണൽ ഉല്പാദനം (പോബ്സ് ഗ്രൂപ്പ്)—രൂപ 25 കോടി
3. ഓർഗാനിക് സ്പെഷ്യാലിറ്റി കോഫി തേയില (പോബ്സ് ഗ്രൂപ്പ്)—രൂപ 10 കോടി
4. ഇന്റഗ്രേറ്റഡ് ട്രക്ക് ടെർമിനൽ, കളമശ്ശേരി—രൂപ 12 കോടി.

കൊച്ചിയിൽ പ്രത്യേക സാമ്പത്തിക മേഖല

108 [2584] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പ്രത്യേക സാമ്പത്തിക മേഖല ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതുപ്രകാരം ഏതെല്ലാം വ്യവസായങ്ങളാണ് ഇവിടെ ആരംഭിക്കാൻ പോകുന്നത്;

(സി) ഇവർക്ക് സർക്കാർ എന്തെല്ലാം സൗകര്യങ്ങളും സൗജന്യങ്ങളുമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി പോർട്ട് ട്രസ്റ്റ് അവരുടെ കൈവശമുള്ള 1000 ഏക്കർ സ്ഥലത്ത് ഒരു പ്രത്യേക സാമ്പത്തിക മേഖല ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന് ഇൻഡ്യാ ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക മേഖല ആരംഭിക്കുന്നതിന് അനുയോജ്യമായി സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക മേഖലാ നയം രൂപീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിൽ പ്രത്യേക സാമ്പത്തിക മേഖല രൂപീകരിക്കുവാൻ ശ്രമം നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മേഖലയിൽ അനുയോജ്യമായ ഏത് വ്യവസായവും ആരംഭിക്കാവുന്നതാണ്.

(സി) സർക്കാരിന്റെ 17-6-2003-ലെ 576/2003/വ്യവസായ ഉത്തരവ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

തിരുവനന്തപുരത്ത് സന്ദർശനം നടത്തിയ വിദേശ സാമ്പത്തിക വിദഗ്ദ്ധർ

109 [2585] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വിദഗ്ദ്ധരായ ബിബേക് സെബ്രോയി, ലവിഷ് ഭണ്ഡാരി എന്നിവർ സംസ്ഥാന വ്യവസായ വകുപ്പിന്റെ ക്ഷണിതാക്കളായിട്ടാണോ തിരുവനന്തപുരത്ത് സന്ദർശനം നടത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ പ്രഭാഷണവും ക്ലാസ്സും സ്ലൈഡ് പ്രദർശനവും മറ്റ് ഏതൊക്കെ കേന്ദ്രങ്ങളിലാണ് നടത്തിയത്;

(സി) നിയമസഭാ സാമാജികൾക്കും ഉദ്യോഗസ്ഥർക്കും ക്ലാസ്സ് എടുക്കുന്നതിനാണോ ഇവരെ ക്ഷണിച്ചുവരുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക കാര്യങ്ങളിലുള്ള ഇവരുടെ യോഗ്യതയും വൈദഗ്ദ്ധ്യവും എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരുടെ യാത്ര, താമസം എന്നിവയ്ക്കായി വ്യവസായ വകുപ്പോ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ പണം ചെലവഴിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിൻകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെയും (കിൻഫ്ര) നിയമസഭാ സെക്രട്ടേറിയറ്റിന്റെയും ക്ഷണമനുസരിച്ചാണ് സാമ്പത്തിക വിദഗ്ദ്ധരായ ബിബേക് സെബ്രോയിയും ലവിഷ് ഭണ്ഡാരിയും തിരുവനന്തപുരത്ത് സന്ദർശനം നടത്തിയത്.

(ബി) നിയമസഭാ കോംപ്ലക്സിലെ ബാങ്കറ്റ് ഹാളിൽ മാത്രമാണ് ഇവർ പ്രഭാഷണം നടത്തിയത്.

(സി) ഇൻഡ്യൻ സംസ്ഥാനങ്ങളുടെ ഒരു ദശാബ്ദ കാലത്തെപ്പറ്റി ഇവർ നടത്തിയ പഠനവും റാങ്കിംഗും സംബന്ധിച്ച് വിശദീകരിക്കുന്നതിനു വേണ്ടിയാണ് ഇവരെ ക്ഷണിച്ചത്.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly